Draft #5 of File 25899/AC A1-1/2020/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 22-Feb-2021 10:31 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

"ട്രൈബൽ ആർട്സ് & സയൻസ് കോളേജ് " എന്ന പേരിൽ പുതിയ എയ്ഡഡ് ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനായി മല അരയ എഡ്യൂക്കേഷണൽ ട്രസ്റ്റ് സെക്രട്ടറി സമർപ്പിച്ച അപേക്ഷ - വിഷയ വിദഗ്ധരെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 1135/AC A 1/2021/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 23.02.2021

---

*പരാമർശം:*-1. പുതിയ എയ്ഡഡ് ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനായി മല അരയ എഡ്യൂക്കേഷണൽ ട്രസ്റ്റ് സെക്രട്ടറി 19.06.2020 തീയതിയിൽ സമർപ്പിച്ച അപേക്ഷ

2. സർവ്വകലാശാല ഉത്തരവ് നം. 1097/ACA1/2021എം.ജി.യു. തീയതി. 19.02.2021

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ അറക്കുളം പഞ്ചായത്തിൽ "ട്രൈബൽ ആർട്സ് & സയൻസ് കോളേജ്" എന്ന പേരിൽ ഒരു എയ്ഡഡ് ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ ലഭിച്ചിരുന്നു. ടി അപേക്ഷ പരിഗണിച്ചുകൊണ്ട് കോളേജ് ആരംഭിക്കുന്നതിനാവശ്യമായ അക്കാദമിക,ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കുവാനായി സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ.പി.ഷാനവാസ്, പ്രൊഫ.ഹരികൃഷ്ണൻ പി. എന്നിവരെ പരിശോധന സമിതി അംഗങ്ങളായി നിയമിച്ചുക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

പുതിയതായി കോളേജ് ആരംഭിക്കുവാനായി ലഭിച്ച അപേക്ഷയോടൊപ്പം കോളേജിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന കോഴ്സുകൾ സംബന്ധിച്ച് പഠിക്കുന്നതിനും വിലയിരുത്തുന്നതിനുമായി താഴെ കൊടുത്തിരിക്കുന്ന വിഷയ വിദഗ്ധരെ നിയമിക്കുവാൻ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം iii, സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

1. ഡോ. M.V. കൃഷ്ണകുമാർ, അസിസ്റ്റന്റ് പ്രൊഫസർ , ന്യൂമാൻ കോളേജ്, തൊടുപുഴ
2. ഡോ.A.U. അരുൺ, അസ്സോസിയേറ്റ് പ്രൊഫസർ, സെൻറ് പീറ്റേർസ് കോളേജ്, കോലഞ്ചേരി
3. ഡോ. ഫിലിപ്പ് A.P, അസ്സോസിയേറ്റ് പ്രൊഫസർ, ന്യൂമാൻ കോളേജ്, തൊടുപുഴ
4. ഡോ.ടോമി ജോസഫ്, അസ്സോസിയേറ്റ് പ്രൊഫസർ, സെന്റ് സേവ്യേഴ്സ് കോളേജ്, വൈക്കം.
5. പ്രൊഫ. ജോജി അലക്സ്, അസ്സോസിയേറ്റ് പ്രൊഫസർ, സെന്റ് തോമസ് കോളേജ്, പാലാ.

പരിശോധനാ ഫീസിനത്തിൽ ഓരോ അംഗത്തിനും 3150/- രൂപ ഓൺലൈനായി സർവ്വകലാശാലയിൽ അടയ്ക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വിഷയ വിദഗ്ദ്ധർ.
2. സെക്രട്ടറി, മല അരയ എഡ്യൂക്കേഷണൽ ട്രസ്റ്റ്
3. വിസി/പിവിസി എന്നിവരുടെ പിഎസ്
4. രജിസ്ട്രാർ/ഫിനാൻസ് ഓഫിസർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പിഎ മാർ
5. എ ആർ/ഡി ആർ/ജെ ആർ (അക്കാദമിക്)
6. എസിസി1/എസിസി2/എഡി ബി 6/ഓഡിറ്റ് V/ഫിനാൻസ് സെക്ഷൻ
7. കരുതൽ ഫയൽ/റിക്കാർഡ്സ്/യൂണിവേഴ്സിറ്റി വെബ് സൈറ്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #5 of File 25899/AC A1-1/2020/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 22-Feb-2021 10:31 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം